19
2026
ജനുവരി
തിങ്കൾ
മകരം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 21 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-21 പേജ് 4. വില 2.00 രൂപ

02 ജോലി സമയത്തു പാർട്ടി പ്രവർത്തനം പാടില്ല: മേയർ
03 ഭവന പദ്ധതികൾക്ക് മുൻഗണന: ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്
04 രാജേന്ദ്രൻ കാണിച്ചത് പിറപ്പുകേട്; പുകഞ്ഞ കൊള്ളി പുറത്ത്: എം. എം. മണി



# കൗമാര കലാകിരീടം കണ്ണൂരിന്

തൃശൂർ: കൗമാരകലയുടെ സ്വർണക്കിരീടം ആവേശകരമായ പോരാട്ടത്തിനൊടുവിൽ കണ്ണൂരിന് സ്വന്തം. അവസാന മത്സരം വരെ നീണ്ട പേരാട്ടത്തിൽ ഫോട്ടോ ഫിനിഷിലാണ് കിരീടനേട്ടം. കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ തൃശ്ശൂർ ആണ് രണ്ടാം സ്ഥാനത്ത്. അഞ്ച് പോയന്റ് വ്യത്യാസത്തിലാണ് കണ്ണൂർ തൃശ്ശൂരിനെ മറികടന്നത്. കഴിഞ്ഞ തവണ അവസാനനിമിഷം വരെ ഉദ്വേഗം നിറഞ്ഞ പോരാട്ടത്തിനൊടുവിൽ പാലക്കാടിനെ പിന്നിലാക്കി തൃശ്ശൂർ കിരീടം ഉറപ്പിക്കുകയായിരുന്നു. കണ്ണൂരായിരുന്നു അന്നു മൂന്നാമത്.

കലയെന്നത് വെറുമൊരു മത്സരമല്ലെന്നും അത് മനുഷ്യത്വത്തിന്റെയും കരുതലിന്റെയും അടയാളമെന്നും വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. സിയ ഫാത്തിമയുടേയും സച്ചുവിന്റെയും പരിശ്രമം മുൻനിർത്തിയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.

കലോത്സവനഗരിയിൽ നിൽക്കുമ്പോൾ ഏഷ്യയിലെ ഏറ്റവും വലിയ കലാമാമാങ്കമെന്ന വിശേഷണത്തേക്കാൾ ഉപരിയായി മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്, കുട്ടിയുടെ വീട്ടുമുറ്റത്തേക്ക് വേദി എത്തിയ നിമിഷമാണ്. മാരകമായ രോഗാവസ്ഥയിലായി വേദിയിലെത്താനാകാത്ത കൊച്ചു മിടുക്കി സിയ ഫാത്തിമയ്ക്കു വേണ്ടി അവളുടെ വീട് തന്നെ വേദിയാക്കിയ തീരുമാനമാണ് കലോത്സവത്തിന്റെ യഥാർത്ഥവിജയം. മത്സരിക്കാൻ കഴിയാത്തവരുടെ കണ്ണീരൊപ്പാനായി എന്നത് കിരീടനേട്ടത്തേക്കാൾ വലിയ കാര്യമായി കാണുന്നു. പ്രതികൂല സാഹചര്യങ്ങളോട് പോരാടി വിസ്മയകരമായ പ്രകടനം കാഴ്ചവെച്ച സച്ചുവിനെ കണ്ടു. സച്ചുവിന് വീടുവെച്ചുകൊടുക്കാനുള്ള നടപടികൾ സർക്കാർ ഏറ്റെടുത്തതായി അറിയിക്കുന്നു. ആ പ്രതിഭയ്ക്കുള്ള ആദരമാണ്. കലയെന്നത് വെറുമൊരു മത്സരമല്ല, മറിച്ച് മനുഷ്യത്വത്തിന്റെയും കരുതലിന്റെയും അടയാളമാണെന്നാണ് ഈ രണ്ടു സംഭവങ്ങളും വ്യക്തമാക്കുന്നത്", വി. ശിവൻകുട്ടി പറഞ്ഞു.

വെള്ള ജുബ്ബയും കൈത്തറി മുണ്ടും അണിഞ്ഞ് തോള് ചരിച്ച് മോഹൻലാൽ എത്തി. 'നെഞ്ചിനകത്ത് ലാലേട്ടൻ' എന്ന ആരവങ്ങളോടെയാണ് മോഹൻലാലിനെ തൃശൂർ സ്വീകരിച്ചത്. തൃശൂർ തേക്കിൻകാട് മൈതാനത്തെ എക്സിബിഷൻ ഗ്രൗണ്ടിൽ നടന്ന സമാപന സമ്മേളനം പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ. രാജൻ അധ്യക്ഷനായി. സ്പീക്കർ എ. എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തി. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉമേഷ് സ്വാഗതം പറഞ്ഞു. മന്ത്രിമാരായ ഡോ. ആർ. ബിന്ദു, വി. അബ്ദുറഹിമാൻ, എം. ബി. രാജേഷ് എന്നിവരും സാംസ്കാരിക നായകരും ജനപ്രതിനിധികളും പങ്കെടുത്തു. കലോത്സവത്തിൽ കൂടുതൽ പോയിന്റ് നേടി ഒന്നാമതെത്തിയ കണ്ണൂരിന് സ്വർണക്കപ്പ് മന്ത്രി ശിവൻകുട്ടിയും മോഹൻലാലും ചേർന്ന് സമ്മാനിച്ചു.

കലോത്സവത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ വടക്കുംനാഥനോട് നന്ദി പറഞ്ഞ കൊണ്ടാണ് മോഹൻലാൽ പ്രസംഗം ആരംഭിച്ചത്. മന്ത്രി പറഞ്ഞത് കൊണ്ടാണ് ജുബ്ബയും മുണ്ടും അണിഞ്ഞ് എത്തിയതെന്ന് മോഹൻലാൽ പറഞ്ഞു. കുട്ടികൾക്ക് വേണ്ടി മീശ പിരിക്കുകയും ചെയ്തു. മലയാള സിനിമയ്ക്ക് വലിയ പ്രതിഭകളെ സംഭാവന ചെയ്ത ഇടമാണ് കലോത്സവങ്ങൾ. മഞ്ജു വാര്യർ, കെ. എസ്. ചിത്ര, വേണുഗോപാൽ അത്തരത്തിൽ ശ്രദ്ധ നേടിയലരാണെന്ന് മോഹൻലാൽ ഓർമിച്ചു. കലോത്സവത്തിൽ കൂടുതൽ പോയിന്റ് നേടി ഒന്നാമതെത്തിയ കണ്ണൂരിനെ അഭിനന്ദിച്ചു. മത്സരമില്ല ഉത്സവമാണ് എന്ന് ഓർമപ്പെടുത്തിയാണ് മോഹൻലാൽ പ്രസംഗം അവസാനിപ്പിച്ചത്.ം



# കലോത്സവം മത്സരമല്ല, ഒരു ഉത്സവമാണെന്ന് മോഹൻലാൽ

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവം മത്സരമല്ല, ഒരു ഉത്സവമാണെന്ന് മോഹൻലാൽ. 64ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ സമാപന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മോഹൻലാൽ.

ജയപരാജയങ്ങൾക്ക് അപ്പുറം മുന്നിലുള്ള അനന്ത സാധ്യതകളെ ഉപയോഗപ്പെടുത്തി മുന്നേറണമെന്ന് മോഹൻലാൽ പറഞ്ഞു. കലാകാരൻ എന്ന നിലയിൽ തന്നെ ഈ വേദിയോട് വലിയ ആദരമാണുള്ളതെന്നും യുവ പ്രതിഭകൾ മാറ്റുരയ്ക്കുന്ന ആഘോഷമാണിതെന്നും മോഹൻലാൽ അഭിപ്രായപ്പെട്ടു.

കലാകാരന്മാരും കലാകാരികളും കഴിവുകളെ ഈ വേദിയിലേക്ക് മാത്രമായി ചുരുക്കാതെ കഴിവുകൾ മിനുക്കിയെടുത്ത് അവസരങ്ങൾ ഉപയോഗപ്പെടുത്തണം. ഇവിടെ ജയപരാജയങ്ങൾ അപ്രസക്തമാണ്. സമ്മാനങ്ങൾ നേടാനാകാത്തവരാരും മോശക്കാരാകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഈ ബോധ്യമാണ് അവരിൽ ഉറപ്പിക്കേണ്ടത്. കൂട്ടായ്മയുടെയും പങ്കുവെക്കലിൻറെയും തിരിച്ചറിവാണ് കലോത്സവം സമ്മാനിക്കുന്നതെന്നും മോഹൻലാൽ കൂട്ടിച്ചേർത്തു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിജയകിരീടം ചൂടി കണ്ണൂർ.

വിജയികൾക്കുള്ള സ്വർണക്കപ്പ് മോഹൻലാൽ സമ്മാനിച്ചു. 1028 പോയിൻറുകൾ നേടിയാണ് കണ്ണൂർ ഒന്നാം സ്ഥാനത്ത് എത്തിയത്. 1023 പോയിൻറുകൾ നേടിയ തൃശൂർ രണ്ടാം സ്ഥാനവും, 1017 പോയിൻറുകളോടെ കോഴിക്കോട് മൂന്നാം സ്ഥാനവും നേടി.

1013 പോയിൻറുകൾ നേടിയ പാലാക്കാടാണ് നാലാം സ്ഥാനത്ത്. സ്കൂളുകളിൽ ആലത്തൂർ ഗുരുകുലം ഹയർ സെക്കൻററി സ്കൂൾ ഒന്നാമതെത്തി. വൈകിട്ട് ആരംഭിച്ച സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

സമാപന സമ്മേളന ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി വി. ശിവൻകുട്ടിയെ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ അഭിനന്ദിച്ചു. സിയ ഫാത്തിമയ്ക്ക് കലോത്സവത്തിൽ പങ്കെടുക്കാൻ അവസരം നൽകിയതിലാണ് അഭിനന്ദനം.

കലോത്സവ ചട്ടം ഭേദഗതി ചെയ്തുകൊണ്ട് യാത്ര ചെയ്യാൻ ബുദ്ധിമുട്ട് നേരിട്ട രോഗബാധിതയായ സിയ ഫാത്തിമയ്ക്ക് വീട്ടിലിരുന്ന് വീഡിയോ കോൺഫറൻസ് വഴി എച്ച്എസ് വിഭാഗം അറബിക് പോസ്റ്റർ രചനാ മത്സരത്തിൽ പങ്കെടുക്കാൻ അവസരം നൽകിയിരുന്നു.

# നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ പിണറായി നയിക്കും: എം. എ. ബേബി

തിരുവനന്തപുരം: സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിൽ പിണറായി വിജയൻ തന്നെ എൽഡിഎഫിനെ നയിക്കുമെന്ന് സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി. ടേം ഇളവ് ചർച്ചയായിട്ടില്ലെന്നും സിപിഎം ജനറൽ സെക്രട്ടറി പറഞ്ഞു.

വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ വിളിച്ചു പറയാൻ ഒരു ഉളുപ്പുമില്ലാത്ത നേതാക്കളാണ് കേരളത്തിലെ കോൺഗ്രസിലുള്ളത്. മൃദു ഹിന്ദുത്വ സമീപനമാണ് കേരളത്തിലെ ഇടത് സർക്കാരിനുള്ളത് എന്ന തോന്നൽ വരുത്താൻ ശ്രമങ്ങൾ നടക്കുന്നുവെന്നും എം. എ. ബേബി ആരോപിച്ചു.

സിപിഎമ്മിന് കേരളത്തിൽ മൃദുഹിന്ദുത്വമെന്ന് ആരോപിക്കുന്നത് ആസൂത്രിതമാണ്. ഇത്തരം ആരോപണം ഉന്നയിക്കുന്നവർക്ക് ദൃഢഹിന്ദുത്വമാണെന്നും സിപിഎം ജനറൽ സെക്രട്ടറി ആരോപിച്ചു. മുസ്ലിം-ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങൾ വർധിക്കുകയാണെന്നും ബേബി പറഞ്ഞു.

ഹിന്ദുത്വ വർഗീയ സംഘങ്ങളാണ് ആക്രമണങ്ങൾക്ക് പിന്നിൽ. ബിജെപി സർക്കാരുകളുടെ നിഷ്ക്രിയത്വമാണ് ഇതിന് കാരണം. തദ്ദേശ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ തോൽപിക്കാൻ കോൺഗ്രസ്-ലീഗ്-ബിജെപി സഖ്യം ഒന്നിച്ചു നിന്നെന്നും എം. എ. ബേബി ആരോപിച്ചു.

10 വർഷം കേരളത്തിൽ വർഗീയ സംഘർഷം നടന്നിട്ടില്ലെന്നതിൻറെ ക്രെഡിറ്റ് ഇടതുപക്ഷത്തിന് മാത്രമാണ്.

നവോഥാന നായകന്മാരുടെ അടക്കം പ്രവർത്തനങ്ങളുടെ ഫലമാണിത്. മൂന്നാം വട്ടവും എൽഡിഎഫ് സർക്കാർ തന്നെ അധികാരത്തിൽ എത്തുമെന്ന ആത്മവിശ്വാസം കേന്ദ്ര കമ്മിറ്റി പ്രകടിപ്പിച്ചതായും എം. എ. ബേബി കൂട്ടിച്ചേർത്തു.

# കുടിവെള്ളമില്ലാതെ കോവളം വാർഡ്

കോവളം: വെങ്ങാനൂർ പഞ്ചായത്തിലെ കോവളം വാർഡിൽ കെഎസ് റോഡിലടക്കം പല സ്ഥലത്തും കുടിവെള്ളം കിട്ടാതായിട്ട് ദിവസങ്ങളായതായി പരാതി. ഇതു സംബന്ധിച്ച് വാട്ടർ അഥോറിറ്റിയുടെ എ ഇ അടക്കമുള്ളവരോട് നിരവധി പ്രാവശ്യം പരാതി അറിയിച്ചിട്ടും ഒരു നടപടിയും ഉണ്ടായില്ലെന്ന് പഞ്ചായത്തംഗം ഷീല അജിത്ത് പറഞ്ഞു..ജല അഥോറിറ്റിയുടെ തിരുവല്ലം എഇ യുടെ പരിധിയിൽ വരുന്ന പ്രദേശത്താണ് ജനം കുടിവെള്ളം കിട്ടാതെ വലയുന്നത്. മേഖലയിൽ പല സ്ഥലത്തും അനധികൃതമായി വാൽവുകൾ സ്ഥാപിച്ച് ചിലയിടങ്ങളിലേക്കുള്ള കുടിവെള്ള വിതരണം നിയന്ത്രിക്കുന്നതാണ് മേഖലയിൽ വെള്ളം കിട്ടാത്തതിന് കാരണമെന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്.

പല പ്രാവശ്യം പരാതിപ്പെട്ടിട്ടും ജലവിതരണം പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കാത്ത അധികൃതരുടെ സമീപനം ആളുകളിൽ അമർഷമുളവാക്കിയിട്ടുണ്ട്. അനധികൃത വാൽവുകൾ ഉണ്ടെങ്കിൽ കണ്ടെത്തി നീക്കം ചെയ്ത് പ്രദേശത്ത് കുടിവെള്ള വിതരണം ഉറപ്പുവരുത്താൻ അടിയന്തിര നടപടി ഉണ്ടായില്ലെങ്കിൽ ജനങ്ങളെ അണി നിരത്തി പ്രതിഷേധ സമരം സംഘടിപ്പിക്കുമെന്ന് പഞ്ചായത്തംഗം മുന്നറിയിപ്പ് നൽകി.

# എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്

ജേർണലിസ്റ്റ്, നോൺ-ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ, എല്ലാ വർഷവും ജനുവരി മാസത്തിൽ സമർപ്പിക്കേണ്ട എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഡിസംബർ മാസത്തെ സാലറി സ്ലിപ്പ്, അംഗങ്ങൾ ജോലി ചെയ്യുന്ന മാധ്യമസ്ഥാപനങ്ങളിൽ നിന്ന് വാങ്ങി ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.



# രാസലഹരി കേസ്: അഞ്ചു പ്രതികൾക്ക് 20 വർഷം കഠിനതടവും പിഴയും

കൊല്ലം : കാറിൻറ ഡാഷ് ബോർഡിലും കൈവശത്തുമായി 85.400 ഗ്രാം മെറ്റാഫത്താമിൻ എന്ന രാസലഹരി വില്പനയ്ക്കായി കടത്തി കൊണ്ടു വന്ന കേസിലെ അഞ്ചു പ്രതികൾക്ക് 20 വർഷം കഠിനതടവിനും രണ്ട് ലക്ഷം രൂപ വീതം പിഴയും ശിക്ഷ.

കുഴിയം സിന്ധുഭവനിൽ വിഷ്ണു വിജയൻ (23 ) പെരുമ്പുഴ കുരീപ്പള്ളി കടയിൽ വീട്ടിൽ ഷംനാദ് (25 ) ചന്ദനത്തോപ്പ് കുഴിയം സൗത്തിൽ അഖിൽ ഭവനിൽ പ്രഗിൽ (25 ), ചന്ദനത്തോപ്പ് ഫാറൂഖ് മൻസിലിൽ ഉമർ ഫാറൂഖ് (25) ചാത്തിനാംകുളം പള്ളിവടക്കതിൽ മുഹമ്മദ് സലാഷ് (25 ) എന്നിവരെയാണ് കൊല്ലം ഫസ്റ്റ് അഡീഷണൽ സെഷൻസ് ജഡ്ജി പി. എൻ. വിനോദ് ശിക്ഷിച്ചത്.

രാസലഹരി വില്പനയ്ക്കായി കൈവശം വച്ച് കടത്തിയ കുറ്റത്തിന് 10 വർഷവും മയക്ക് മരുന്ന് കച്ചവടത്തിനായി ഗൂഢാലോചന നടത്തിയ കുറ്റത്തിന് 10 വർഷവുമാണ് ശിക്ഷ. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതി. പിഴ ഒടുക്കിയില്ലെങ്കിൽ ആറു മാസം കൂടി കഠിനതടവ് അനുഭവിക്കണം.

2023 ജൂലൈ 13 ന് തിരുവനന്തപുരത്ത് നിന്ന് വിഷ്ണു വിജയൻ വാങ്ങി കൊണ്ടുവന്ന മെറ്റാഫൈത്താമിൻ മറ്റു പ്രതികളുമായി ഗൂഢാലോചന നടത്തി കൊല്ലത്തും കുണ്ടറയിലും വിൽപ്പന നടത്തുന്നതിനായി 14ന് രാവിലെ 10.50ന് ഇളമ്പള്ളൂർ അമ്പിപൊയ്ക കാനാൽ റോഡിലെ കനാൽ മൈതാനത്ത് ഒത്തുകൂടിയ പ്രതികളെ കുണ്ടറ പോലീസ് ഇൻസ്പെക്ടർ ആർ. രതീഷിൻറ നേതൃത്വത്തിലുള്ള സംഘമാണ് പിടികൂടിയത്. കാറിലെത്തി ആവശ്യക്കാരെ കാത്തു നിൽക്കുമ്പോൾ രഹസ്യവിവരത്തിൻറ അടിസ്ഥാനത്തിൽ പോലീസ് ഇവരെ വളയുകയായിരുന്നു.

പ്രതികൾ ഓരോരുത്തരുടെയും കൈവശത്ത് നിന്നും ഇവർ സഞ്ചരിച്ച ചുവന്ന മാരുതി കാറിൽ നിന്നുമാണ് 85.400 ഗ്രാം മെറ്റാഫെത്താമിൻ രാസലഹരി കണ്ടെടുത്തത്. കുണ്ടറ പോലീസ് ഇൻസ്പെക്ടർ ആർ. രതീഷ്. ഡിവൈഎസ്പി എസ്.ഷെറിഫ് എന്നിവർ അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ച കേസിൽ പ്രോസിക്യൂഷന് വേണ്ടി പബ്ളിക് പ്രോസിക്യൂട്ടർ അഡ്വ. സിസിൻ. ജി. മുണ്ടയ്ക്കൽ ഹാജരായി.

പ്രോസിക്യുഷൻ പ്രവർത്തനങ്ങൾ ഏകോപ്പിച്ചത് എഎസ്ഐമാരായ ദീപ്തിയും സിന്ധുവുമായിരുന്നു. പോലീസിൻറ തുടരന്വേഷണത്തിൽ ഈ പ്രതികൾക്ക് മെറ്റാഫെത്തമിൻ നൽകിയ ആറും ഏഴും പ്രതികളായ സദ്ദാമിനും നിജാസിനും എതിരെ പ്രത്യേക കുറ്റപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

ഈ കേസുകൾ കോടതിയിൽ വിചാരണയിലാണ്.

# ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കാർഡിയോളജി വിഭാഗം സുവർണ ജൂബിലിക്കു തുടക്കം

തിരുവനന്തപുരം: മൂന്നു ദിവസത്തെ ദേശീയ കാർഡിയോളജി സമ്മേളനത്തോടെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ കാർഡിയോളജി വിഭാഗത്തിൻറെ സുവർണ ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു. സുവർണ ജൂബിലിയുടെ ഔപചാരിക ഉദ്ഘാടനം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി നിർവഹിച്ചു.

വ്യക്ത്യാധിഷ്ഠിത പരിചരണം, ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ, ചികിത്സാ നവീകരണം, ഉയർന്ന നിലവാരത്തിലുള്ള പരിശീലനം എന്നിവ ഒരുമിച്ചു കൊണ്ടുപോകാൻ ശ്രീചിത്രയിലെ കാർഡിയോളജി വിഭാഗത്തിനു സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്തുടനീളവും വിദേശത്തുമായി സേവനമനുഷ്ഠിക്കുന്ന നിരവധി കാർഡിയോളജിസ്റ്റുകളെ ഇവിടെനിന്നു വളർത്തിയെടുക്കാനായതായും അദ്ദേഹം പറഞ്ഞു.

കാർഡിയോളജി വിഭാഗം മേധാവി ഡോ. എസ്. ഹരികൃഷ്ണൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി പ്രസിഡൻറ് ക്രിസ് ഗോപാലകൃഷ്ണൻ, മുൻ ഡയറക്ടർമാരായ ഡോ. വി. കെ. അജിത് കുമാർ, ഡോ. ജഗൻ മോഹൻ തരകൻ, ഡോ. കെ. ജി. ബാലകൃഷ്ണൻ, ഡോ. കെ. കെ. നാരായണൻ നമ്പൂതിരി, ഡോ. കെ. എം. കൃഷ്ണമൂർത്തി, ഡോ. എസ്. ഹരികൃഷ്ണൻ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിൻറെ സെക്രട്ടറി പ്രഫ. അഭയ് കരണ്ടികർ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലെ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവി സുനിൽ കുമാർ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗിച്ചു.

'ബാക്ക് ടു ബേസിക്സ് 2026- എന്ന പേരിൽ നടക്കുന്ന മൂന്നുദിവസത്തെ സമ്മേളനത്തിൽ ഹൃദയാഘാതം, വാൽവ് രോഗങ്ങൾ, നവജാതശിശുക്കൾ മുതൽ മുതിർന്നവരെ വരെ ബാധിക്കുന്ന ജന്മനായുള്ള ഹൃദ്രോഗങ്ങൾ തുടങ്ങിയവയുടെ രോഗനിർണയത്തിൻറെയും നൂതനമായ ചികിത്സാരീതികളുടെയും പരിശീലനം സിമുലേറ്റർ മുഖേന സമ്മേളനത്തിൽ നടക്കുന്നുണ്ട്.

സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മുൻ വിദ്യാർഥികളുടെ മികച്ച സംഭാവനകൾക്കും യുവഗവേഷകരുടെ ഗവേഷണ നേട്ടങ്ങൾക്കും അംഗീകാരമായി അലുമ്നി അവാർഡുകളും തീസിസ് അവാർഡുകളും സമ്മാനിച്ചു.

കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിലെ കാർഡിയോളജി വിഭാഗത്തിൻറെ പ്രധാന നേട്ടങ്ങൾ അവതരിപ്പിക്കുന്ന 'ഡൗൺ ദ മെമ്മറി ലെയിൻ' എന്ന പ്രത്യേക പരിപാടിയും സംഘടിപ്പിച്ചു.

# മദ്യനയത്തിലെ ജനവഞ്ചന സർക്കാർ അവസാനിപ്പിക്കണം: മദ്യവിരുദ്ധ സമിതി

കൊല്ലം : മദ്യത്തിൻറ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം ലംഘിച്ചുകൊണ്ട് മദ്യപ്രളയം സൃഷ്ടിക്കുന്ന സർക്കാരിൻറ ജനവഞ്ചന അവസാനിപ്പിക്കണമെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി കൊല്ലം രൂപതാ കമ്മിറ്റി ആവശ്യപ്പെട്ടു.

ബാറുകൾ യഥേഷ്ടം ആരംഭിച്ചും മദ്യനിർമാണ യൂണിറ്റുകൾക്ക് അനുമതിനൽകിയും മദ്യശാലകളുടെ ദൂരപരിധി കുറച്ചും സമയപരിധി കൂട്ടിയും പ്രാദേശിക മദ്യനിയന്ത്രണത്തിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം അട്ടിമറിച്ചും വിദേശനിർമിത വിദേശമദ്യം ഇറക്കുമതി ചെയ്തും നടത്തുന്ന മദ്യപ്രോത്സാഹന നടപടികൾക്കെതിരെ യോജിച്ച പോരാട്ടങ്ങൾക്ക് പൊതുസമൂഹം മുന്നിട്ടിറങ്ങണമെന്ന് സമിതി അഭ്യർഥിച്ചു.

ജനവിരുദ്ധ മദ്യനയം നിരുപാധികം പിൻവലിച്ച് ജനക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുന്ന പുതിയ അബ്ക്കാരി നയം ആവിഷ്ക്കരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനം ലഹരിവിമോചന പ്രാർഥന ദിനമായി കെ സി ബി സി ആചരിക്കും. സമിതി രൂപതാ പ്രസിഡൻറ് യോഹന്നാൻ ആൻറണി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ബിനു തോമസ്, ജനറൽ സെക്രട്ടറി എ. ജെ. ഡിക്രൂസ്, അഡ്വ. ഇ. എമേഴ്സൺ, ബിനു മൂതാക്കര, എം. എഫ്. ബർഗ്ലീൻ, മേഴ്സി യേശുദാസ്, ബി. സെബാസ്റ്റ്യൻ, സന്തോഷ് സേവ്യർ എന്നിവർ പ്രസംഗിച്ചു.

# സായിയിൽ രണ്ട് വിദ്യാർഥിനികളെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം : ദുരൂഹത മാറ്റാൻ പോലീസ്

കൊല്ലം: സ്പോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യയുടെ (സായ്) കൊല്ലം ഹോസ്റ്റലിൽ രണ്ട് വിദ്യാർഥിനികളെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിലെ ദുരൂഹത മാറ്റാൻ പോലീസ്. സംഭവത്തിൽ കേസെടുത്ത ഈസ്റ്റ് പോലീസ് അന്വേഷണം നടത്തി വരുകയാണ്. മരിച്ച കുട്ടികളുടെ അടിവസ്ത്രത്തിനുള്ളിൽ നിന്നും ആത്മഹത്യ കുറിപ്പുകൾ കണ്ടെടുത്തിരുന്നു. കുറിപ്പിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, മരിച്ച കുട്ടികളുടെ മുറിയിലെ താമസക്കാരായ കുട്ടികളുടെയും ഹോസ്റ്റൽ വാർഡൻ ഉൾപ്പെടെയുള്ളവരുടെയും മൊഴി രേഖപ്പെടുത്തി.

പോലീസ് നിർദേശപ്രകാരം അഞ്ചു കൗൺസലർമാർ ഹോസ്റ്റലിൽ എത്തി കുട്ടികളിൽ നിന്നു വിവരങ്ങൾ ശേഖരിച്ചു. അതേ സമയം, ആത്മഹത്യാകുറിപ്പിൽ എന്താണ് ഉള്ളതെന്ന് പോലീസ് വ്യക്തമാക്കുന്നില്ല. അന്വേഷണത്തിന് ശേഷമേ കുട്ടികൾ സ്വയം ജീവനൊടുക്കിയതിൻറ കാരണം വ്യക്തമാക്കാൻ കഴിയൂ എന്ന നിലപാടാണ് പോലീസിനുള്ളത്. ഇതിനിടെ സമഗ്ര അന്വേഷണം വേണമെന്ന് സിപിഎം ഉൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളും മുൻ കോച്ചും ആവശ്യപ്പെട്ടു.

കുട്ടികൾ വെറുതെ ആത്മഹത്യ ചെയ്യില്ലെന്നും പിന്നിൽ ദുരൂഹതയുണ്ടെന്നുമാണ് മനസിലാക്കുന്നതെന്ന് ഒളിമ്പ്യൻ അനിൽ കുമാർ പറഞ്ഞു. പോലീസ് സമീപിച്ചാൽ കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കും. അന്വേഷണം നടക്കുന്നതിനാൽ ഇപ്പോൾ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. സായി സ്പോർട്സ് സ്കൂളിലെ സെൻട്രൽ ഇൻചാർജ് കുട്ടികളോട് മോശമായാണ് പെരുമാറുന്നത്. സായിയിലെ ജോലി വിട്ടത് സെൻട്രൽ ഇൻചാർജും കേരള റീജണൽ ഇൻചാർജും കാരണമാണെന്നും അദ്ദേഹം പറഞ്ഞു. കൂടുതൽ പരാതികളുണ്ട്. സ്റ്റാഫ് അംഗം മുൻപ് ആത്മഹത്യചെയ്തതും പീഡനം മൂലമാണ്.

കുട്ടികൾക്ക് രൂക്ഷമായ അധിക്ഷേപം നേരിടേണ്ടി വരുന്ന സ്ഥിതിയുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനിടെ വിശദമായ അന്വേഷണത്തിന് സ്പോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യ (സായ്) റീജണൽ ഡയറക്ടർ വിഷ്ണു സുധാകരൻ ഹോസ്റ്റലിലെത്തി മരിച്ചവരുടെ കൂട്ടുകാർ, പരിശീലകർ, മറ്റു ജീവനക്കാർ എന്നിവരുടെ മൊഴിയെടുത്തു. വ്യാഴാഴ്ച പുലർച്ചേ അഞ്ചിനാണ് കോഴിക്കോട് കടലുണ്ടി പോടിയാട്ടു കുന്നു അമ്പോളി രവിയുടെ മകൾ പ്ലസ് ടു വിദ്യാർഥിനിയായ സാന്ദ്ര (18), തിരുവനന്തപുരം മുദാക്കൽ വാളക്കോട് ഇളമ്പത്തടം വിഷ്ണു ഭവനിൽ വേണുവിൻറ മകൾ പത്താം ക്ലാസ് വിദ്യാർഥിനിയായ വൈഷ്ണവി (15) എന്നിവരെ ഫാനിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

വൈഷ്ണവി കബഡി താരവും സാന്ദ്ര സ്പ്രിൻറ് താരവുമാണ്. സാന്ദ്ര നാല് വർഷം മുൻപും വൈഷ്ണവി ഒന്നര വർഷം മുൻപുമാണ് സായ് ഹോസ്റ്റലിലെത്തിയത്. വൈഷ്ണവിയുടെ മുറി താഴത്തെ നിലയിലും സാന്ദ്രയുടെ മുറി മൂന്നാം നിലയിലുമാണ്. പുലർച്ചെ അഞ്ചിനു പരിശീലനം ആരംഭിച്ചപ്പോൾ ഇരുവരും എത്തിയിരുന്നില്ല. തുടർന്ന് സെക്യൂരിറ്റിയും പരിശീലകരും അന്വേഷിച്ച് സാന്ദ്രയുടെ മുറിയിൽ എത്തിയപ്പോൾ മുറി ഉള്ളിൽ നിന്ന് പൂട്ടിയിട്ടിരുന്നതായി കണ്ടെതയെന്നാണു പറയുന്നത്. വാതിൽ പൊളിച്ച് അകത്തു കടന്നപ്പോൾ ആണ് ഇരുവരെയും രണ്ടു ഫാനുകളിലായി തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

ബുധനാഴ്ച ഉച്ചയ്ക്കു ശേഷം കല്ലുവാതുക്കലിൽ നടന്ന കബഡി ടൂർണമെൻറിൽ വൈഷ്ണവി പങ്കാളിയായ ടീം വിജയിച്ചിരുന്നു. അതിൻറ ആവേശത്തിലാണു മടങ്ങിയത് എന്നാണു പരിശീലകർ പറയുന്നത്. ബുധനാഴ്ച രാത്രി 10.30ന് ഫോണിൽ വിളിച്ചപ്പോൾ ഈ കാര്യം വൈഷ്ണവി പറഞ്ഞിരുന്നതായി പിതാവ് വേണു പറഞ്ഞു. സാന്ദ്ര കഴിഞ്ഞ രണ്ട് സ്കൂൾ അത്‌ലറ്റിക് മീറ്റുകളിലും മികച്ച പ്രകടനം കാഴ്ചവച്ചിരുന്നു. അമച്വർ അസോസിയേഷൻ ചാമ്പ്യൻഷിപ്പിൽ മികച്ച അത്‌ലീറ്റ് ആകുകയും ചെയ്തു. പഠനത്തിലും ഇരുവരും മുന്നിലായിരുന്നുവെന്ന് അധ്യാപകർ പറഞ്ഞു. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ് മോർട്ട നടപടികൾക്ക് ശേഷം ഇരുവരുടെയും മൃതദേഹങ്ങൾ സംസ്കരിച്ചു.

# വഴിയാത്രികനെ ആക്രമിച്ച് പണം കവർന്ന സംഘം പിടിയിൽ

പേരൂർക്കട: വഴിയാത്രികനെ ആക്രമിച്ച് മൊബൈൽ ഫോണും പണവും കവർന്ന രണ്ടംഗസംഘത്തെ തമ്പാനൂർ സിഐയുടെ ചാർജ് വഹിക്കുന്ന കരമന സിഐ അനൂപ്, തമ്പാനൂർ എസ്ഐ ബിനുമോഹൻ എന്നിവർ ഉൾപ്പെട്ട സംഘം പിടികൂടി.

ബാലരാമപുരം തലയൽ സിഎസ്ഐ പള്ളിക്കു സമീപം കരിംപ്ലാവിള പുത്തൻ വീട്ടിൽ മണികണ്ഠൻ (36), പാപ്പനംകോട് പൂഴിക്കുന്ന് എസ്റ്റേറ്റിനു സമീപം ഷജീർ (46) എന്നിവരാണ് പിടിയിലായത്.

വെള്ളിയാഴ്ചയാണ് പരാതിക്കാധാരമായ സംഭവം. തൊളിക്കോട് സ്വദേശി ഉമ്മൻഖാൻ ആണ് തമ്പാനൂർ ഫ്ളൈഓവറിനു സമീപം പാർഥാസ് ടെക്സ്റ്റൈൽസിനു മുന്നിൽവച്ച് ആക്രമിക്കപ്പെട്ടത്. ജോലികഴിഞ്ഞു കോഴിക്കോടുനിന്നു തിരുവനന്തപുരത്തേക്കുവന്ന ഉമ്മർഖാൻ തമ്പാനൂരിലെത്തിയശേഷം വീട്ടിലേക്കു പോകാൻ അരിസ്റ്റോ ജംഗ്ഷനിൽ നിൽക്കുമ്പോഴാണ് ആക്രമണമുണ്ടായത്. ഓട്ടോറിക്ഷയിലെത്തിയ പ്രതികൾ ഉമ്മർഖാനെ കുത്തിപ്പരിക്കേൽപ്പിച്ചശേഷം കൈവശമുണ്ടായിരുന്ന മൊബൈൽ ഫോണും ബാഗിലുണ്ടായിരുന്ന പണവും അപഹരിച്ചു രക്ഷപ്പെടുകയായിരുന്നു.

ഫോർട്ട് സിഐ ബിനുകുമാറിൻറെ നിർദേശപ്രകാരം കേസന്വേഷണം നടത്തിയ സംഘത്തിൽ തമ്പാനൂർ എസ്സിപിഒമാരായ മിഥുൻ, ശ്രീരാഗ്, സിപിഒമാരായ ഷിഹാബ്, അനു കൃഷ്ണൻ എന്നിവരും ഉണ്ടായിരുന്നു. അറസ്റ്റിലായ പ്രതികളെ കോടതി റിമാൻഡ് ചെയ്തു.

## വർഗീയത ആര് പറഞ്ഞാലും എതിർക്കും; വിമർശനങ്ങൾക്ക് മറുപടിയുമായി വി. ഡി. സതീശൻ

കൊച്ചി: വിമർശനങ്ങൾക്ക് മറുപടിയുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. സമുദായങ്ങളും മതങ്ങളും തമ്മിൽ ശത്രുതയുണ്ടാകരുതെന്നും സമൂഹത്തിൽ ഭിന്നതയുണ്ടാകരുതെന്നുമാണ് കോൺഗ്രസ് നിലപാടെന്ന് സതീശൻ പറഞ്ഞു.

# പ്രതിപക്ഷ നേതാക്കളുടെ പേരിൽ കള്ളക്കേസ് എടുക്കുന്നത് പകപോക്കൽ രാഷ്ട്രീയം : എൻ.കെ. പ്രേമചന്ദ്രൻ എംപി

കൊല്ലം: പ്രതിപക്ഷ നിരയിലെ നേതാക്കളുടെ പേരിൽ കള്ളക്കേസ് എടുക്കുന്ന മുഖ്യമന്ത്രിയുടെ പകപോക്കൽ രാഷ്ട്രീയത്തിൻറെ ഭാഗമാണ് ആർഎസ്പി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോണിനെതിരെയുള്ള കേസെന്ന് എൻ.കെ. പ്രേമചന്ദ്രൻ എംപി. രാഷ്ട്രീയമായ സദാചാര മര്യാദകളുടെ അതിർത്തി ലംഘിച്ച് പോലീസിനെ രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നതിൻറെ ഭാഗമാണിത്.

നിയമവ്യവസ്ഥകൾ പാലിച്ച് നിയമപരിപാലനം നടത്തേണ്ട പോലീസ് ഭരണകക്ഷിയുടെ താൽപര്യത്തിന് വഴങ്ങി മുഖ്യമന്ത്രിയുടെ ഓഫീസിൻറെ നിർദ്ദേശം പാലിച്ച് ഐക്യമുന്നണി നേതാക്കൾക്കെതിരെ കള്ളക്കേസെടുത്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിൻറെ ഭാഗമാണ്. വ്യക്തികൾ തമ്മിൽ ഉണ്ടാക്കിയ കരാറിൻറെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടെന്ന് ആരോപണം ഉണ്ടെങ്കിൽ അത് സ്ഥാപിച്ചെടുക്കുന്നതിനായി രാജ്യത്ത് വ്യവസ്ഥാപിതമായ നിയമങ്ങളും കോടതികളുമുണ്ട്. കരാർ ലംഘനത്തിൻറെ പേരിൽ പോലീസ് കേസെടുക്കുന്നതിനുള്ള നിയമ തടസം ചൂണ്ടിക്കാട്ടിയിട്ടും മുഖ്യമന്ത്രിയുടെ ഓഫീസിൻറെ നിർബന്ധിതമായ നിർദ്ദേശപ്രകാരമാണ് കേസെടുത്തതെന്ന് എന്നാണ് മനസിലാകുന്നത്.

ആർഎസ്പി സംസ്ഥാന സെക്രട്ടറി വ്യക്തിപരമായി നടത്തിയതോ ഒപ്പിട്ടതോ അല്ല കരാർ. മരണപ്പെട്ട പോയവരെ പോലും ഒഴിവാക്കാനുള്ള നിയമബോധം കാണിക്കാതെ ഷിബു ബേബി ജോണിൻറെ ജ്യേഷ്ഠനായ മരണപ്പെട്ട ഷാജി ബേബി ജോൺ, വൃദ്ധയായ മാതാവ് തുടങ്ങി കുടുംബാംഗങ്ങളെ എല്ലാം ചേർത്താണ് ക്രിമിനൽ കേസെടുത്തിരിക്കുന്നത്.രാഷ്ട്രീയ വൈരാഗ്യം മൂലം മരണപ്പെട്ട വ്യക്തിയെ പ്രതിയാക്കി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതിൽ നിന്നും തന്നെ പോലീസിന്മേലുള്ള സമ്മർദ്ദം വെളിപ്പെടുന്നതാണ്. ഷിബു ബേബി ജോൺ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളുടെ കുടുംബ സ്വത്തായ ഭൂമിയിൽ ഫ്ലാറ്റ് നിർമി ക്കുന്നതിനായി ബന്ധപ്പെട്ട് ഉണ്ടാക്കിയ കരാറിൻറെ വ്യവസ്ഥകൾ ലംഘിച്ചുവെന്ന് ആരോപിച്ചാണ് കേസ് എന്നതാണ് ഏറെ വിചിത്രം. രാജ്യത്തെ ജനങ്ങളുടെ നിയമബോധത്തെ വെല്ലുവിളിക്കുന്നതാണ് മരണപ്പെട്ട ആളിനെ പ്രതിസ്ഥാനത്ത് ചേർത്തുള്ള എഫ് ഐ ആർ കേരളത്തിലെ പോലീസിനെ ഉപയോഗിച്ച് നിയമവിരുദ്ധമായി നടത്തുന്ന രാഷ്ട്രീയ പകപോക്കലിന് ജനം മറുപടി നൽകുമെന്നും എൻ.കെ പ്രേമചന്ദ്രൻ എംപി പറഞ്ഞു.

# ജോലി സമയത്തു പാർട്ടി പ്രവർത്തനം പാടില്ല: മേയർ

തിരുവനന്തപുരം: കോർപറേഷൻ ഉദ്യോഗസ്ഥരുടെ യോഗത്തിൽ കടുത്ത മുന്നറിയിപ്പു നൽകി മേയർ വി. വി. രാജേഷ്. കോർപറേഷനിൽ ഇനി യാതൊരു വിധത്തിലുള്ള അഴിമിതിയും നടത്താൻ അനുവദിക്കില്ല.

ഭരിക്കുന്ന പാർട്ടിക്കു പണം സമ്പാദിക്കാനുള്ള കറവ പശുവല്ല കോർപറേഷൻ. മുൻ ഭരണസമിതിയുടെ കാലത്തെ ഉദ്യോഗസ്ഥരിൽ പലരും കൈക്കൂലി വാങ്ങിയതായി വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇനി അതൊന്നും നടക്കില്ലെന്നും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ബിജെപിയുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി വന്നശേഷമുള്ള നഗരസഭയിലെ 11 സോണൽ ഓഫീസുകളിലെയും നഗരസഭ മെയിൻ ഓഫീസിലെയും ജീവനക്കാരുടെ യോഗത്തിലാണു ഉദ്യോഗസ്ഥർക്കു മേയർ വി. വി. രാജേഷ് മുന്നറിയിപ്പു നൽകിയത്. കോർപറേഷൻറെ നെടുംതൂൺ ഉദ്യോഗസ്ഥരാണ്. നല്ലൊരു ഭരണം കാഴ്ചവയ്ക്കണമെങ്കിൽ ഉദ്യോഗസ്ഥതലത്തിലുള്ള പ്രവർത്തനവും കാര്യക്ഷമമാകണം. ജനാധിപത്യത്തെ അട്ടിമറിക്കുന്ന ഒരു പ്രവർത്തനവും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല. ഉദ്യോഗസ്ഥർ രാവിലെ 10 മുതൽ അഞ്ചു മണി വരെ നിർബന്ധമായി ജോലി ചെയ്യുന്നെന്ന് ഉറപ്പാക്കണം. കൊടി കെട്ടുകയോ, പാർട്ടി പ്രവർത്തനമോ ചെയ്യാം; പക്ഷേ ജോലി സമയത്ത് പാടില്ല. ജനങ്ങളോടു സൗഹാർദപരമായി പെരുമാറണം. അനാവശ്യമായി ഫയലുകൾ പിടിച്ചുവയ്ക്കരുതെന്നും മേയർ പറഞ്ഞു. രാഷ്ട്രീയപാർട്ടികളുടെ ഫ്ളക്സ് ബോർഡുകൾ പരിപാടി കഴിഞ്ഞാൽ നിർബന്ധമായും നീക്കം ചെയ്യണമെന്നും മേയർ വ്യക്തമാക്കി. ഡെപ്യൂട്ടി മേയർ ആശാനാഥ്, സ്ഥിരം സമിതി അധ്യക്ഷന്മാരായ എം. ആർ. ഗോപൻ, വി. സത്യവതി, ജി. എസ്. മഞ്ജു, ചെമ്പഴന്തി ഉദയൻ, പാറ്റൂർ രാധാകൃഷ്ണൻ, കോർപ്പറേഷൻ സെക്രട്ടറി എസ്. ജഹാംഗീർ എന്നിവർ പങ്കെടുത്തു.

## നഗരത്തിലെ ഇലക്ട്രിക് ബസ് സർവീസ് നിലവിലെ സ്ഥിതിയിൽ തുടരും

തിരുവനന്തപുരം: തിരുവനന്തപുരം കോർപറേഷനിലെ സ്മാർട്ട് സിറ്റി പദ്ധതിയിലെ ഇലക്ട്രിക് ബസുകളുടെ സർവീസുകൾ മാറ്റമില്ലാതെ തുടരും. കോർപറേഷൻ മേയർ വി. വി. രാജേഷ് ഗതാഗത മന്ത്രി കെ. ബി. ഗണേഷ്കുമാറുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് വിഷയം ചർച്ചയായത്.

ഇലക്ട്രിക് ബസുകളുടെ സർവീസിൽ നിലവിലെ സാഹചര്യം തുടരാനാണ് ധാരണ. എല്ലാ മന്ത്രിമാരുമായുള്ള കൂടിക്കാഴ്ചയുടെ ഭാഗമായാണ് ഗതാഗത മന്ത്രിയുമായും ചർച്ച നടത്തിയതെന്ന് മേയർ വി. വി. രാജേഷ് പറഞ്ഞു.

ബസുകളുടെ റൂട്ടുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ തൻറെ അഭിപ്രായം മേയർ മന്ത്രിയെ അറിയിച്ചിട്ടുണ്ട്. ഇരുവരും ചർച്ച നടത്തിയെങ്കിലും കരാർ പാലിക്കുന്നതിലടക്കമുള്ള തർക്കം ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷന് ലഭിച്ച ഇലക്ട്രിക് ബസുകൾ ബിജെപി അധികാരത്തിലെത്തിയതോടെയാണ് ചർച്ചയായത്. നഗരത്തിലെ ഇടറോഡുകളിലൂടെ ഉൾപ്പെടെ ഓടിയിരുന്ന 113 ബസുകൾ ലാഭകരമല്ലെന്ന് വിലയിരുത്തിയാണ് ഗതാഗത മന്ത്രി ഇടപെട്ട് കെഎസ്ആർടിസി മറ്റ് സ്ഥലങ്ങളിലേക്ക് ഓടിക്കാൻ തുടങ്ങിയത്. എന്നാൽ ഈ ബസുകൾ ഇനി നഗരത്തിനുള്ളിൽ ഓടിയാൽ മതിയെന്ന് മേയർ വി. വി. രാജേഷ് നിലപാടെടുത്തതോടെയാണ് സംഭവം വിവാദമായത്. മറ്റ് ഡിപ്പോകൾക്കു നൽകിയ ബസുകൾ ഉടൻ തിരിച്ചെത്തിക്കണമെന്നായിരുന്നു കോർപ്പറേഷൻറെ ആവശ്യം.

# വിജയ് ഹസാരെ ട്രോഫി ഫൈനൽ: ടോസ് നേടി സൗരാഷ്ട്ര; വിദർഭയ്ക്ക് ബാറ്റിംഗ്

ബംഗളൂരു: വിജയ് ഹസാരെ ട്രോഫി ഫൈനലിൽ വിദർഭയ്ക്കെതിരെ ടോസ് നേടിയ സൗരാഷ്ട്ര ബൗളിംഗ് തെരഞ്ഞെടുത്തു. ഒന്നര മുതൽ ബംഗളൂരുവിലാണ് മത്സരം. സെമിഫൈനലിൽ കർണാടകയെ പരാജയപ്പെടുത്തിയാണ് വിദർഭ ഫൈനലിലെത്തിയത്. ആറ് വിക്കറ്റിനാണ് വിദർഭ സെമിയിൽ വിജയിച്ചത്. പഞ്ചാബിനെ സെമിയിൽ തകർത്താണ് സൗരാഷ്ട്ര ഫൈനലിൽ കടന്നത്. ഒമ്പത് വിക്കറ്റിനാണ് സൗരാഷ്ട്ര വിജയിച്ചത്. ടീം വിദർഭ: അഥർവ ടായ്ഡെ, അമാൻ മോഖഡെ, ഫായിസ് മുഹമ്മദ് ഷെയ്ഖ്, രവികുമാർ സമർത്ത്, രോഹിത്ത് ബിൻകർ (വിക്കറ്റ് കീപ്പർ), യഷ് റാത്തോഡ്, നചികേത് ഭൂട്ടെ, ഹർഷ് ദുബെ (ക്യാപ്റ്റൻ), പർത് രേഖഡെ, യഷ് ഠാക്കൂർ, ദർശൻ നൽകണ്ഡെ. ടീം സൗരാഷ്ട്ര: ഹർവിക്ക് ദേശായ് (ക്യാപ്റ്റൻ & വിക്കറ്റ് കീപ്പർ), വിശ്വരാജ് ജഡേജ, പ്രേരക് മങ്കഡ്, സമ്മർ ഗജ്ജർ, ചിരാഗ് ജെനി, രുചിത് അഹിർ, പാർശ്വരാജ് റാണ, ദർമേന്ദ്രസിൻഹ് ജഡേജ, അൻഗുർ പൻവർ, ജയ്ദേവ് ഉനദ്കട്ട്, ചേതൻ സക്കാരിയ.

# സാമുദായിക സംഘടനകളുടെ പ്രവർത്തനത്തിൽ ലീഗ് ഇടപെടാറില്ല:പി. എം. എ. സലാം

മലപ്പുറം: സാമുദായിക സംഘടനകളുടെ യോജിപ്പിലും പിളർപ്പിലും മുസ്ലിം ലീഗ് ഇടപെടാറില്ലെന്ന് പാർട്ടി ജനറൽ സെക്രട്ടറി പി. എം. എ. സലാം. എസ്എൻഡിപി എൻഎസ്എസ് ഭിന്നിപ്പിന് കാരണം മുസ്‌ലിം ലീഗാണെന്ന വെള്ളാപ്പള്ളിയുടെ പരാമർശത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. വെള്ളാപ്പള്ളി നടേശൻറെ പരാമർശം വെറും ജൽപ്പനം മാത്രമാണ്. ഇത്തരം ജൽപ്പനങ്ങൾ അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയും. പ്രകോപിപ്പിച്ച് സമാധാന അന്തരീക്ഷം തകർക്കാനുള്ള നീക്കത്തിൻറെ ഭാഗമാണിതെന്നും ആ വലയിൽ മുസ്‌ലിം ലീഗ് വീഴില്ല.

ഇതൊക്കെ പറയുന്ന ആളും പറയിക്കുന്ന ആളും എന്താണ് ഉദ്ദേശിക്കുന്നതെന്ന് ജനങ്ങൾക്കറിയാം. പൊന്നാട അണിയിച്ച് കാറിൽ കയറ്റിക്കൊണ്ടുവന്ന് വെള്ളാപ്പള്ളിയെക്കൊണ്ട് ഇത് പറയിപ്പിക്കുന്നതാണെന്ന് എല്ലാവർക്കും മനസിലാകുമെന്നും പി. എം. എ. സലാം പറഞ്ഞു.

# കിരൺ ജെയിംസ് ഇനി ലോക കേരളസഭയിൽ

സിഡ്നി: കിരൺ ജെയിംസ് ഇനി ലോക കേരള സഭാംഗം. മമ്മൂട്ടിയുടെ ഫാമിലി കണക്ട് പദ്ധതിയുടെ ന്യൂ സൗത്ത് വെയ്ൽസ് കോർഡിനേറ്ററും മമ്മൂട്ടി ഫാൻസ് ആൻഡ് വെൽഫെയർ അസോസിയേഷൻ ഇൻറർനാഷണൽ ഓസ്ട്രേലിയ വിഭാഗത്തിൻറെ സെക്രട്ടറിയുമാണ് കിരൺ ജെയിംസ്. നവോദയ ഓസ്ട്രേലിയയുടെ സെൻട്രൽ കമ്മിറ്റി അംഗമായും കേരള ബിസിനസ് ആൻഡ് പ്രൊഫെഷണൽ ചേംബർ ഓസ്ട്രേലിയയുടെ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്ന കിരൺ ജെയിംസ് കഴിഞ്ഞ ഒരു ദശാബ്ദത്തോളമായി ഓസ്ട്രേലിയയിലെ സാമൂഹിക-സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ മുഖമാണ്. നവോദയ ഓസ്ട്രേലിയയാണ് കിരണിനെ ലോക കേരള സഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്തത്. ജനുവരി 29 മുതൽ 31 വരെ തിരുവനന്തപുരത്ത് കേരള നിയമസഭയിൽ വച്ചാണ് അഞ്ചാം ലോക കേരളസഭ നടക്കുന്നത്. പുതിയ ഉത്തരവാദിത്വം ഓസ്ട്രേലിയയിലെ മലയാളികളുടെ ക്ഷേമത്തിനും സമൂഹ വികസനത്തിനുമായി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ പ്രചോദനം നൽകുന്നുവെന്നും കിരൺ ജെയിംസ് അറിയിച്ചു.

ഓസ്ട്രേലിയയിലെ കുടിയേറ്റ മലയാളികളുടെ നാട്ടിലുള്ള ബന്ധുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരംഭിച്ച ഫാമിലി കണക്ട് പദ്ധതി രാജഗിരി ആശുപത്രിയുടെ സഹകരണത്തോടെ മമ്മൂട്ടിയുടെ കെയർ ആൻഡ് ഷെയർ ഇൻറർനാഷണൽ ഫൗണ്ടേഷൻ ആണ് നടപ്പാക്കുന്നത്.

ഇതിനോടകം ആയിരക്കണക്കിന് പ്രവാസി മലയാളികൾക്ക് പ്രയോജനമായ ഈ പദ്ധതിയുടെ ദേശീയ കോർഡിനേറ്ററായിരുന്ന ജിൻസൺ ആൻറോ ചാൾസ് മുമ്പ് നോർത്തേൺ ടെറിട്ടറി പാർലമെൻറിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. തുടർന്ന് അദ്ദേഹം ഓസ്ട്രേലിയയിലെ ആദ്യത്തെ ഇന്ത്യൻ വംശജനായ മന്ത്രിയും ആയി സ്ഥാനമേറ്റിരുന്നു.

# ഭവന പദ്ധതികൾക്ക് മുൻഗണന: ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്

പേരൂർക്കട: ഭവന പദ്ധതികൾക്കും അതിദാരിദ്ര്യമുക്ത തുടർപ്രവർത്തനങ്ങൾക്കും വാർഷിക പദ്ധതിയിൽ മുൻഗണന നൽകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി. പ്രിയദർശിനി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരെ പങ്കെടുപ്പിച്ചു കൊണ്ട് കുടപ്പനക്കുന്ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ജില്ലാ ആസൂത്രണ സമിതിയുടെ അഡ്ഹോക്ക് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അവർ.

പട്ടികജാതി- പട്ടിക വർഗ വികസനം, പാലിയേറ്റീവ് കെയർ, അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം, തെരുവുവിളക്കുകൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ശ്രുതിതരംഗം, ഹാപ്പിനസ് പാർക്ക്, കായികരംഗം, ഡിജി കേരള, ശുചിത്വ പദ്ധതികൾ, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പദ്ധതികൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയവയ്ക്ക് വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അറിയിച്ചു.

തദ്ദേശ സ്ഥാപനങ്ങളിൽ 2026-2027 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് യോഗത്തിൽ അവതരിപ്പിച്ചു.

കളക്ടർ അനുകുമാരി യോഗത്തിൽ പങ്കെടുത്തു. ജില്ലാ പ്ലാനിംഗ് ഓഫീസർ ഡോ. പി. പ്രവീൺ, ജില്ല നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# തമിഴ്നാട്ടിൽ വിജയ്‌യുമായി സഖ്യത്തിനില്ല; നിലപാട് വ്യക്തമാക്കി കോൺഗ്രസ്

ചെന്നൈ: തമിഴ്നാട്ടിൽ വിജയ്‌യുടെ ടിവികെയുമായി നിലവിൽ സഖ്യത്തിനില്ലെന്ന് കോൺഗ്രസ്. ഡിഎംകെയുമായി സഖ്യം തുടരുമെന്ന് ഡൽഹിയിൽ നടന്ന ചർച്ചയിൽ എഐസിസി നിലപാട് വ്യക്തമാക്കി. ഡിഎംകെയുമായി രാഹുൽ ഗാന്ധിയും മല്ലികാർജുൻ ഖാർഗെയും നാല് മണിക്കൂർ ചർച്ച നടത്തി.

തമിഴ്നാട്ടിൽ എഐസിസി പരസ്യ പ്രസ്താവനകൾ വിലക്കിയിട്ടുണ്ട്. ഡിഎംകെയുമായി അഭിപ്രായ വ്യത്യാസമുണ്ടെന്ന വിധത്തിൽ പരസ്യ പ്രസ്താവനകൾ പാടില്ലെന്നാണ് നേതൃത്വത്തിൻറെ നിർദ്ദേശം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 25 സീറ്റിൽ മത്സരിച്ച കോൺഗ്രസ് 18 സീറ്റിൽ വിജയിച്ചിരുന്നു.

എന്നാൽ മന്ത്രിസഭയിൽ പങ്കാളിത്തം ലഭിക്കുന്നില്ലെന്നതാണ് കോൺഗ്രസിൻറെ പരാതി. മത്സരിക്കാൻ കൂടുതൽ സീറ്റ് വേണമെന്നും കോൺഗ്രസ് ആവശ്യപ്പെടും. അതേസമയം അധികാരത്തിൽ പങ്ക് നേടാനുള്ള ശ്രമം നേതൃതല യോഗത്തിൽ ധാരണയായി.

താഴെ തട്ടിലുള്ള അണികളുടെ വികാരം മാനിക്കുമെന്നും എഐസിസി വ്യക്തമാക്കി. അധികാരത്തിലെത്തിയാൽ വിജയിച്ച സീറ്റുകളുടെ എണ്ണം ചൂണ്ടിക്കാട്ടി മന്ത്രിമാരെ ആവശ്യപ്പെടാനാണ് നിലവിൽ കോൺഗ്രസ് നേതൃത്വത്തിൽ ധാരണയായിരിക്കുന്നത്.

# ശബരിമലയിൽ ബിജെപി എന്ത് ചെയ്തു; ഇടത് സർക്കാർ വികസനം ഉറപ്പുനൽകിയെന്ന് ജി. സുകുമാരൻ നായർ

പത്തനംതിട്ട: കേന്ദ്ര സർക്കാരിനെയും ബിജെപിയെയും വിമർശിച്ച് എൻസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ. ബിജെപി ശബരിമലയ്ക്ക് വേണ്ടി എന്ത് ചെയ്തെന്നും കേന്ദ്ര സർക്കാർ 10 വർഷമായി ഭരിക്കുന്നില്ലേയെന്നും സുകുമാരൻ നായർ ചോദിച്ചു.

വിമാനത്താവളം-റെയിൽവേ എല്ലാം എവിടെയെന്ന് ചോദിച്ച എൻസ്എസ് ജനറൽ സെക്രട്ടറി അവരുടെയൊക്കെ വീട്ടിലേക്കാണ് ട്രെയിൻ ഓടുന്നതെന്നും പറഞ്ഞു. ഏറ്റവും പ്രധാന ക്ഷേത്രമാണ് ശബരിമല. അവിടെ എന്തെങ്കിലും ചെയ്യാൻ ബിജെപിക്ക് കഴിഞ്ഞോയെന്നും സുകുമാരൻ നായർ ചോദിച്ചു.

ശബരിമലയിൽ ആചാരവും അനുഷ്ഠാനവും എല്ലാം പഴയത് പോലെ നടക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശബരിമല യുവതി പ്രവേശനം നടത്താൻ ഈ സർക്കാർ ശ്രമിച്ചെന്നും എന്നാൽ അതിനെ എൻഎസ്എസ് എതിർത്തെന്നും സുകുമാരൻ നായർ വ്യക്തമാക്കി. അന്ന് വോട്ട് കിട്ടാൻ ബിജെപിയും കോൺഗ്രസും കൂടെ കൂടി. പിന്നീട് അവർ അതുപേക്ഷിച്ചുപോയി. എന്നാൽ എൻഎസ്എസ് കേസുമായി മുന്നോട്ടു പോയി. ഒടുവിൽ തെറ്റ് ചെയ്ത സർക്കാർ അത് തിരുത്തിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ശബരിമല വികസനം സർക്കാർ ഉറപ്പുനൽകിയെന്നും സുകുമാരൻ നായർ വ്യക്തമാക്കി. തന്ത്രി കണ്ഠരര് രാജീവരുടെ അറസ്റ്റിലും എൻസ്എസ് ജനറൽ സെക്രട്ടറി പ്രതികരിച്ചു. തെറ്റു ചെയ്തത് ആരായാലും കർശന ശിക്ഷ കൊടുക്കണമെന്ന് അദ്ദേഹം പറഞ്ഞു.

അന്വേഷണം ശരിയായി തന്നെ പോകുന്നുണ്ട്. തന്ത്രി ആയാലും മന്ത്രി ആയാലും ശിക്ഷ കൊടുക്കണം. തന്ത്രി ദൈവത്തിന് തുല്യനല്ല. ഈ തന്ത്രിയുടെ സഹോദരൻ മുൻപ് വേറൊരു കേസിൽ പെട്ടില്ലേയെന്നും ജി. സുകുമാരൻ നായർ ചോദിച്ചു.

# ബോംബ് ഭീഷണി; ഇൻഡിഗോ വിമാനം തിരിച്ചിറക്കി

ലക്നോ: ബോംബ് ഭീഷണിയെ തുടർന്ന് ഡൽഹിയിൽ നിന്ന് ബംഗളൂരുവിലേക്ക് പുറപ്പെട്ട ഇൻഡിഗോ വിമാനം തിരിച്ചിറക്കി. 6ഇ 6650 എന്ന വിമാനത്തിൽ ഞായറാഴ്ച രാവിയായിരുന്നു സംഭവം.

വിമാനത്തിലെ ശുചിമുറിയിൽ നിന്ന് കണ്ടെത്തിയ ടിഷ്യൂ പേപ്പറിലാണ് ബോംബ് ഭീഷണി ഉണ്ടായിരുന്നത്. തുടർന്ന് ലക്നോ വിമാനത്താവളത്തിൽ അടിയന്തര ലാൻഡിംഗ് നടത്തുകയായിരുന്നു. വിമാനത്തിൽ യാത്രക്കാരും ജീവനക്കാരും ഉൾപ്പെടെ 238 പേരാണുണ്ടായിരുന്നത്.

യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയാണ് പ്രധാനമെന്നും അതിനാലാണ് വിമാനം തിരിച്ചിറക്കിയതെന്നും ഇൻഡിഗോ ഇറക്കിയ വാർത്താക്കുറിപ്പിൽ പറഞ്ഞു. ബോംബ് സ്ക്വാഡും സിഐഎസ്എഫ് സംഘവും വിമാനം പരിശോധിച്ചെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

# സർക്കാർ അനാസ്ഥയ്ക്കെതിരേ വായ് മൂടിക്കെട്ടി സമരം നടത്തി

പാറശാല: അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് 10 ലക്ഷത്തിൽനിന്നു 30 ലക്ഷമാക്കി ഉയർത്തുക, ക്ഷേമ പെൻഷൻ ഏർപ്പെടുത്തുക, അഭിഭാഷക സംരക്ഷണ നിയമം നടപ്പാക്കുക തുടങ്ങി, ഇൻഡ്യൻ ലയേഴ്സ് കോൺഗ്രസ് സമർപ്പിച്ച 12 ഇന ആവശ്യങ്ങൾ നടപ്പാക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച്, മൂന്നാംഘട്ട സമരമെന്ന നിലയിൽ നെയ്യാറ്റിൻകര കോടതി കോംപ്ലക്സിനു മുന്നിൽ ഇന്ത്യൻ ലോഴ്സ് കോൺഗ്രസ് നെയ്യാറ്റിൻകര യൂണിറ്റിൻറെ നേതൃത്വത്തിൽ വായ്മൂടിക്കെട്ടി സമരം സംഘടിപ്പിച്ചു. അഡ്വ. പി. സി. പ്രതാപ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡൻറ് അഡ്വ. തൃപ്പലവൂർ എസ്. മുരുകൻ അധ്യക്ഷനായിരുന്നു. സീനിയർ അഭിഭാഷകരായ അഡ്വ. എസ്. ബി. റോസ് ചന്ദ്രൻ, അഡ്വ. എസ്. എൽ. സൈമൺ, അഡ്വ. കുന്നത്തുകാൽ എ. മോഹൻദാസ്, അഡ്വ. മഞ്ചവിളാകം ജയൻ, അഡ്വ. ആർ. എസ്. സുരേഷ്കുമാർ, അഡ്വ. തേക്കുപാറ രാജു, അഡ്വ. എം. എസ്. സമേഷ്, അഡ്വ. സി. ബി. സീന തുടങ്ങിയർ പ്രസംഗിച്ചു. അഡ്വ. ആൻറോ ഉദയൻ നന്ദി പറഞ്ഞു.

# പട്ടാമ്പിയിൽ ഗുഡ്സ് ട്രെയിൻ പാളം തെറ്റി; ട്രെയിനുകൾ വൈകിയോടുന്നു

പാലക്കാട്: പട്ടാമ്പി പള്ളിപ്പുറത്ത് ഗുഡ്സ് ട്രെയിൻ പാളം തെറ്റി. മംഗലാപുരത്ത് നിന്ന് പാലക്കാട്ടേയ്ക്ക് വരികയായിരുന്ന ഗുഡ്സ് ട്രെയിൻ ആണ് പാളം തെറ്റിയത്. രാവിലെ 11.30 ഓടെയായിരുന്നു അപകടം. തുടർന്ന് നാല് ട്രെനുകൾ പിടിച്ചിട്ടു. ഒരു മണിക്കൂറിന് ശേഷമാണ് പാളം തെറ്റിയ ബോഗി തിരിച്ചുകയറ്റിയത്. ഷൊർണൂരിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് നടപടികൾ പൂർത്തിയാക്കിയത്. ഈ ട്രാക്കിലെ നിർത്തിയിട്ട സർവീസുകൾ ഉടൻ പുനരാരംഭിക്കും എന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. വൈകിയോടുന്ന ട്രെയിനുകൾ ഏറനാട് എക്സ്പ്രസ്,കോഴിക്കോട്-പാലക്കാട് എക്സ്പ്രസ്

പരശുറാം എക്സ്പ്രസ്

കോഴിക്കോട് നിന്നുള്ള ജനശതാബ്ദി എക്സ്പ്രസ്

ലോകമാന്യ തിലക്-കൊച്ചുവേളി എക്സ്പ്രസ്

# കരുതൽ തടങ്കൽ ഉത്തരവ്; അതീവശ്രദ്ധ വേണമെന്ന് ജസ്റ്റീസ് പി. ഉബൈദ്

കൽപ്പറ്റ: കരുതൽ തടങ്കൽ ഉത്തരവുകൾ പാസാക്കുമ്പോൾ പോലീസ് വകുപ്പും ജില്ലാ മജിസ്ട്രേറ്റും അതീവ ശ്രദ്ധ ചെലുത്തണമെന്ന് ജസ്റ്റീസ് പി. ഉബൈദ്. വയനാട്ടിലെ പോലീസ് ഉദ്യോഗസ്ഥർക്ക് കളക്ടറേറ്റ് ആസൂത്രണഭവൻ എപിജെ ഹാളിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സത്യസന്ധവും ശക്തവുമായ കേസുകളിൽ മാത്രമേ കാപ്പ നിയമം പ്രയോഗിക്കാവൂ. കാപ്പ ചുമത്തിയ വ്യക്തിക്കെതിരേ തയാറാക്കുന്ന കരുതൽ തടങ്കൽ പ്രപ്പോസൽ കൃത്യമാകണം. അല്ലാത്തപക്ഷം പുറത്തിറങ്ങുന്ന കുറ്റവാളികൾ കുറ്റകൃത്യങ്ങൾ ചെയ്യാൻ വീണ്ടും പ്രേരിതരാകുമെന്നു ജസ്റ്റീസ് പറഞ്ഞു. ജില്ലാ കളക്ടർ ഡി. ആർ. മേഘശ്രീ അധ്യക്ഷത വഹിച്ചു. കാപ്പ അഡ്വൈസറി ബോർഡ് അംഗങ്ങളായ മുൻ ജില്ലാ ജഡ്ജി മുഹമ്മദ് വസീം, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. പി. എൻ. സുകുമാരൻ എന്നിവർ നേതൃത്വം നൽകി.

# കാൻസർ പ്രതിരോധ ചികിത്സയ്ക്കും പ്രാദേശിക ഗവേഷണങ്ങൾക്കും മുൻഗണന നൽകണമെന്നു ഗവർണർ

തിരുവനന്തപുരം: അർബുദത്തെ ചെറുക്കുന്നതിനായി പ്രതിരോധ ചികിത്സയ്ക്കും പ്രാദേശിക ഗവേഷണങ്ങൾക്കും മുൻഗണന നൽകണമെന്നു ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അഭിപ്രായപ്പെട്ടു.

ഗ്ലോബൽ സമ്മിറ്റ് ഓൺ പ്രിവൻറീവ് ഓങ്കോളജി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയാരുന്നു അദ്ദേഹം. വിദേശത്തേക്കു കുടിയേറുന്ന പഴയ മനോഭാവത്തിൽനിന്നു മാറി രാജ്യത്തുതന്നെ സേവനം അനുഷ്ഠിക്കാൻ പുതിയ തലമുറയിലെ ഡോക്ടർമാർ തയാറാകുന്നത് ശുഭകരമാണെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

ആധുനിക ജീവിതശൈലി ആരോഗ്യത്തിൽ ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചു ചിന്തിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. മുൻ വിദേശകാര്യ സഹമന്ത്രി മീനാക്ഷി ലേഖി,

സമ്മിറ്റ് ചെയർമാൻ ഡോ. എം. വി. പിള്ള, ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ,

പണ്ഡിറ്റ് ദീനദയാൽ സർവകലാശാല വിസി പ്രഫ. ഡോ. എസ്. സുന്ദർ മനോഹർ, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡൻറ് ബേബി മാത്യു സോമതീരം തുടങ്ങിയവർ പങ്കെടുത്തു.

മയോ ക്ലിനിക് റീജണൽ പ്രസിഡൻറ് ഡോ. പ്രതിഭാ വർക്കി, ഡോ. കാർത്തിക് ഘോഷ്, തിരുവനന്തപുരം എംപി ഡോ. ശശി തരൂർ തുടങ്ങിയവർ പ്രസംഗിച്ചു.

# ദീപക് ജീവനൊടുക്കിയ സംഭവം; ഡിജിപിക്ക് പരാതി നൽകി രാഹുൽ ഈശ്വർ

കോഴിക്കോട്: ബസിൽ ലൈംഗികാതിക്രമം നടത്തിയെന്ന് ആരോപിച്ച് സാമൂഹ്യമാധ്യമത്തിൽ വീഡിയോ പങ്കുവച്ചതിന് പിന്നാലെ ഗോവിന്ദപുരം സ്വദേശി ജീവനൊടുക്കിയ സംഭവത്തിൽ യുവതിക്കെതിരെ പരാതി നൽകി രാഹുൽ ഈശ്വർ. കോഴിക്കോട് ഗോവിന്ദപുരം സ്വദേശി ദീപക് (41) ആണ് മരിച്ചത്. ഞായറാഴ്ച രാവിലെ ഗോവിന്ദപുരത്തെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിലായിരുന്നു ദീപക്. ബസിനുള്ളിൽ വച്ച് ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ചായിരുന്നു പെൺകുട്ടി വീഡിയോ പങ്കുവച്ചത്. വസ്തുതാവിരുദ്ധമായ ആരോപണമാണ് യുവതിയുടേതെന്നും ദൃശ്യങ്ങൾ പുറത്തുവന്നതിന് പിന്നാലെ ദീപക് കടുത്ത മാനസിക സംഘർഷത്തിലായിരുന്നുവെന്നും ബന്ധുക്കൾ ആരോപിച്ചു.

സംഭവത്തിൽ അസ്വാഭാവിക മരണത്തിന് കോഴിക്കോട് മെഡിക്കൽ കോളജ് പോലീസ് കേസെടുത്തിട്ടുണ്ട്. അതേസമയം യുവതിക്കെതിരെ ആത്മഹത്യാപ്രേരണ കുറ്റം ചുമത്തണമെന്നാവശ്യപ്പെട്ട് രാഹുൽ ഈശ്വർ ഡിജിപിക്ക് പരാതി നൽകി. എന്നാൽ ദീപക് ജീവനൊടുക്കിയതിന് പിന്നാലെ നിലപാട് ആവർത്തിച്ച് പെൺകുട്ടി രംഗത്തെത്തിയിട്ടുണ്ട്. പയ്യന്നൂരിലെ ബസ് യാത്രയ്ക്കിടെ തനിക്കും മറ്റൊരു പെൺകുട്ടിക്കും ഉണ്ടായ ദുരനുഭവങ്ങൾ വ്യക്തമാക്കിയാണ് യുവതി ഇപ്പോൾ വിശദീകരണം നൽകിയിരിക്കുന്നത്. യുവാവ് മരിച്ച വാർത്ത സങ്കടകരമാണെന്നും യുവതി കൂട്ടിച്ചേർത്തു.

# കോഹ്‌ലിയുടെ പോരാട്ടം പാഴായി; കിവീസിന് പരമ്പര

ഇൻഡോർ: ന്യൂസിലാൻഡിനെതിരെയുള്ള മൂന്നാം ഏകദിനത്തിൽ ഇന്ത്യക്ക് തോൽവി. കിവീസ് ഉയർത്തിയ 338 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 296ന് എല്ലാവരും പുറത്തായി. വിരാട് കോഹ്‌ലിയുടെ (124) വീരോചിത സെഞ്ചുറിയാണ് ഇന്ത്യക്ക് കരുത്തായത്. പക്ഷെ വിജയത്തിൽ എത്താൻ ഇത് മതിയായില്ല. 41 റൺസിൻറെ തോൽവി വഴങ്ങിയതോടെ പരമ്പര 2-1 ന് ന്യൂസിലാൻഡ് സ്വന്തമാക്കി. ന്യൂസിലൻഡ് ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യയിൽ ഒരു ഏകദിന പരമ്പര വിജയിക്കുന്നത്. ആദ്യ മത്സരം തോറ്റ കിവീസ് തുടർച്ചയായ രണ്ടു വിജയങ്ങളുമായാണ് പരമ്പര പിടിച്ചത്. നിതീഷ് കുമാർ റെഡ്ഡിയും (53), ഹർഷിത് റാണയും (52) അർധ സെഞ്ചുറി നേടിയെങ്കിലും വാലറ്റം പൊരുതാതെ കീഴടങ്ങിയതാണ് ഇന്ത്യയ്ക്ക് തിരിച്ചടിയായത്. ഏഴിന് 277 എന്ന നിലയിൽ നിന്നാണ് 296 ഇന്ത്യ ഓൾഔട്ടായത്. കിവീസിനായി സക്കാറി ഫോൽക്ക്സും ക്രിസ്റ്റ്യൻ ക്ലർക്കും മൂന്നും ജെയ്ഡൻ ലെന്നോക്സ് രണ്ടു വിക്കറ്റും വീഴ്ത്തി.

സ്കോർ: ന്യൂസിലൻഡ് 337/8 ഇന്ത്യ 296/10 (46). ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലൻഡ് 50 ഓവറിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 337 റൺസാണ് അടിച്ചെടുത്തത്. മധ്യനിര താരങ്ങളായ ഡാരിൽ മിച്ചലിൻറെയും (137) ഗ്ലെൻ ഫിലിപ്സിൻറെയും (106) സെഞ്ചുറിക്കരുത്തിലാണ് കിവീസ് വമ്പൻ സ്കോറിലെത്തിയത്. ഇന്ത്യക്കായി അർഷ്ദീപ് സിംഗും ഹർഷിത് റാണയും മൂന്നുവീതം വിക്കറ്റുകൾ നേടി. ഡാരിൽ മിച്ചലിനെ കളിയിലെയും പരമ്പരയുടെയും താരമായി തെരഞ്ഞെടുത്തു.

# കഞ്ചാവുമായി രണ്ട് യുവാക്കൾ പിടിയിൽ

കൊച്ചി: കഞ്ചാവുമായി രണ്ടു യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു. വ്യത്യസ്ത കേസുകളിലായി ആലപ്പുഴ തുറവങ്കര തെക്കേടത്ത് കിഴക്കേവീട്ടിൽ അഭിജിത്ത് (26), ആവിലകുന്ന് കണ്ണുകുഴിയിൽ എസ്. അതുൽ കുമാർ (24 ) എന്നിവരാണ് പിടിയിലായത്. അഭിജിത്തിൽ നിന്നും 28 ഗ്രാമും അഖിൽ കുമാറിൽ നിന്നും 48 ഗ്രാം കഞ്ചാവും പിടിച്ചെടുത്തു. ശനിയാഴ്ച രാത്രിയിൽ മുളവുകാട് പോലീസ് നടത്തിയ പട്രോളിങ്ങിനിടെ ബോൾഗാട്ടി ഭാഗത്ത് വച്ചാണ് ഇരുവരും പിടിയിലായത്.

# സംസ്ഥാന സ്കൂൾ കലോത്സവം; സമാപന സമ്മേളനം ആരംഭിച്ചു

തൃശൂർ: 64ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ സമാപന സമ്മേളനം ആരംഭിച്ചു. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. മോഹൻലാൽ ആണ് സമ്മേളനത്തിൽ മുഖ്യാതിഥി.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇത്തവണ കണ്ണൂർ ആണ് ചാമ്പ്യൻമാർ. 1023 പോയിൻറ് നേടിയാണ് കണ്ണൂർ കലാകിരീടം സ്വന്തമാക്കിയത്. തൃശൂർ ആണ് രണ്ടാം സ്ഥാനത്ത്. 1018 പോയിൻറ് നേടിയാണ് ആതിഥേയരായ തൃശൂർ രണ്ടാം സ്ഥാനത്തെത്തിയത്.

# അരിസ്റ്റോ ജംഗ്ഷനിലെ പാർക്കിംഗ്: ഇടപെടുമെന്നു മേയർ

പേരൂർക്കട: തിരുവനന്തപുരം അരിസ്റ്റോ ജംഗ്ഷനിൽ സ്വകാര്യബസുകളുടെ പാർക്കിംഗ് മൂലമുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പോലീസ് രംഗത്തിറങ്ങും.

ഈ വിഷയം പരിഹരിക്കുന്നതിന് സിറ്റി പോലീസ് കമ്മീഷണർ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുമെന്നു മേയർ വി. വി രാജേഷും അറിയിച്ചു.

മുൻ നഗരസഭാ ഭരണസമിതിയുടെ കാലത്തെ അഡ്വൈസറി കമ്മിറ്റി യോഗത്തിൽ സംഗീതകോളജ് ഭാഗത്തുനിന്ന് ബസുകൾ സർവീസ് ആരംഭിക്കണമെന്ന നിർദ്ദേശം ഉയർന്നിരുന്നുവെങ്കിലും ഇതു നടപ്പാക്കപ്പെട്ടില്ല.

അതുകൊണ്ടുതന്നെ പുതിയ ട്രാഫിക് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ വിഷയം ചർച്ച ചെയ്യുമെന്ന് സിറ്റി പോലീസ് കമ്മീഷണർ കാർത്തിക് വ്യക്തമാക്കി. കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലേക്കു പോകുന്ന ദീർഘദൂര സ്വകാര്യബസുകൾ റോഡിൻറെ വശത്ത് പാർക്ക് ചെയ്യുന്നതാണ് അരിസ്റ്റോ ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് കാരണം.

# ഡെപ്യൂട്ടേഷൻ നിയമനം

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ അക്കൗണ്ടൻ്റ് തസ്തികയിൽ 31,100-66,800 രൂപ ശമ്പള സ്കെയിലിൽ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന ബിരുദ യോഗ്യതയുള്ള ക്ലറിക്കൽ ജീവനക്കാരിൽ നിന്ന് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. ഓഫീസ് മേധാവി മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒരു ഒഴിവാണുള്ളത്. ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം 34 എന്ന വിലാസത്തിൽ ജനുവരി 31 നകം അപേക്ഷ ലഭിക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സതീശനെ അഴിച്ചുവിട്ടിരിക്കുന്നത് ശരിയല്ല; കെപിസിസി പ്രസിഡൻറ് നോക്കുകുത്തിയാണോയെന്ന് ജി. സുകുമാരൻ നായർ

കോട്ടയം: പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെതിരെ രൂക്ഷവിമർശനവുമായി എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ. സതീശനെ കോൺഗ്രസ് അഴിച്ചുവിട്ടിരിക്കുന്നത് ശരിയല്ലെന്ന് സുകുമാരൻ നായർ പറഞ്ഞു.

സമുദായ സംഘടനകളുടെ തിണ്ണ നിരങ്ങില്ലെന്ന് പ്രഖ്യാപിച്ച നേതാവ് സഭാ സിനഡ് യോഗം ചേർന്നപ്പോൾ അവിടെ പോയത് തിണ്ണനിരങ്ങാനല്ലേയെന്നും എൻഎസ്എസ് ജനറൽ സെക്രട്ടറി ചോദിച്ചു. വർഗീയതയ്ക്കെതിരെ സംസാരിക്കാൻ സതീശന് എന്ത് യോഗ്യതയാണുള്ളതെന്നും അദ്ദേഹം ചോദിച്ചു.

തനിക്കെതിരെയും സതീശൻ എന്തൊക്കയോ പറഞ്ഞിട്ടുണ്ട്. സമുദായങ്ങൾക്കെതിരെ ഇത്രയും മോശമായി സംസാരിച്ച മറ്റൊരാളില്ല. അയാൾ എൻഎസ്എസിനെതിരെയും രൂക്ഷമായി പറഞ്ഞു. സമുദായങ്ങൾക്കെതിരെ പറഞ്ഞയാൾ അതിൽ ഉറച്ചുനിൽക്കണമായിരുന്നെന്നും സുകുമാരൻ നായർ അഭിപ്രായപ്പെട്ടു.നയപരമായ വിഷയങ്ങൾ തീരുമാനിക്കാൻ സതീശന് എന്ത് അധികാരം. കെപിസിസി പ്രസിഡൻറ് നോക്കുകുത്തി ആണോ. എല്ലാത്തിനും സതീശൻ എന്തിനാണ് മറുപടി പറയുന്നത്. സതീശനെ അഴിച്ചു വിട്ടാൽ കോൺഗ്രസിന് തെരഞ്ഞെടുപ്പിൽ അടി കിട്ടുമെന്നും സുകുമാരൻ നായർ മുന്നറിയിപ്പ് നൽകി.

വെള്ളാപ്പള്ളി നടേശൻറെ കടുത്ത വിമർശനങ്ങൾക്ക് പിന്നാലെ ആയിരുന്നു ജി. സുകുമാരൻ നായരും വി. ഡി. സതീശനെതിരെ രൂക്ഷ വിമർശനവുമായി രംഗത്തെത്തിയത്. എസ്എൻഡിപി - എൻഎസ്എസ് ഐക്യത്തെക്കുറിച്ചും സുകുമാരൻ നായർ പ്രതികരിച്ചു. നിലപാട് കാലഘട്ടത്തിൻറെ ആവശ്യമാണെന്നും ഐക്യത്തിന് എൻഎസ്എസ് ആഗ്രഹിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. താനൊരിക്കലും മുസ്‌ലിം വിരോധിയല്ലെന്നും ജി. സുകുമാരൻ നായർ കൂട്ടിച്ചേർത്തു. എസ്എൻഡിപി ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരുടെയും എസ്എൻഡിപി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻറെയും വിമർശനങ്ങൾക്ക് മറുപടി പറയുകയായിരുന്നു വി. ഡി. സതീശൻ. താൻ എൻഎസ്എസിനോ എസ്എൻഡിപിക്കോ എതിരല്ലെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ ആരും വർഗീയത പറയരുത് എന്ന് മാത്രമേ താൻ പറഞ്ഞിട്ടുള്ളൂ. വർഗീയത പറഞ്ഞതിനെയാണ് എതിർത്തത്. അല്ലാതെ സമുദായ നേതാക്കളെയല്ല എതിർത്തത്. വർഗീയത ആര് പറഞ്ഞാലും എതിർക്കുമെന്നും സതീശൻ പറഞ്ഞു.

ഈ നിലപാടുകൾ മൂലമാണ് തനിക്കെതിരെ ആക്രമണം ഉണ്ടാകുന്നത്. വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. എല്ലാ കാലത്തും വർഗീയതക്കെതിരാണ് തൻറെ നിലപാടെന്നും വി. ഡി. സതീശൻ അറിയിച്ചു. വർഗീയതയോട് ഏറ്റുമുട്ടി വീരാളിപ്പട്ട് പുതച്ചുകിടക്കേണ്ടി വന്നാലും പിന്നോട്ടില്ല. വർഗീയതയുടെ മുന്നിൽ പിന്തിരിഞ്ഞ് ഓടിയിട്ട് പിന്നിൽ നിന്ന് വെട്ടേറ്റ് മരിക്കില്ലെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. ഒരു സമുദായ നേതാവിനെയും കാണില്ലെന്ന് താൻ എവിടെയും പറഞ്ഞിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

പെരുന്നയിൽ പലതവണ പോയിട്ടുണ്ട്. എല്ലാ സമുദായ നേതാക്കളെയും കാണാറുണ്ട്. നേതാക്കളെ കാണുന്നതും വർഗീയതയ്ക്കെതിരെ നിലപാട് എടുക്കുന്നതും തമ്മിൽ ബന്ധമില്ല. സഭയുടെ സിനഡ് യോഗത്തിൽ പോയതിൽ എന്താണ് തെറ്റെന്നും വി. ഡി. സതീശൻ ചോദിച്ചു.

# എൽസ–3 യുടെ ഓർമപ്പെടുത്തലുമായി കോവളത്ത് കണ്ടെയ്നർ ഭാഗം ഒഴുകിയെത്തി

വിഴിഞ്ഞം: കടലിൽതാഴ്ന്നു മാസങ്ങൾ കഴിഞ്ഞും എൽസ–3 എന്ന എംഎസ്സിയുടെ കണ്ടെയ്നർ കപ്പലിൻറെ ഓർമപ്പെടുത്തലുമായി കണ്ടെയ്നർ അവശിഷ്ടങ്ങൾ കരക്കടിയുന്നതു തുടർക്കഥയാകുന്നു. കോവളം ഗ്രോ ബീച്ചിലും ഇന്നലെ ഉച്ചയോടെ കണ്ടെയ്നർ ഭാഗം ഒഴുകിയെത്തി.

നൂറു കണക്കിനു സഞ്ചാരികൾ കടൽക്കുളിക്കിറങ്ങുന്നതും സഞ്ചാരികളുമായി ഉല്ലാസബോട്ടുകൾ ചീറിപ്പായുന്നതുമായ തീരത്താണ് കണ്ടെയ്നർ ഭാഗങ്ങൾ ഒഴുകിയെത്തിയത്. കൂറ്റൻ ഉരുക്കുപാളിയിൽ തട്ടാതെ ബോട്ടുകളും വള്ളങ്ങളും രക്ഷപ്പെട്ടതിനാൽ അപകടം ഒഴിവായി. കപ്പൽ ഏജൻസികൾ നിയോഗിച്ച സ്വകാര്യ കമ്പനി അധികൃതരെത്തി ജെസിബിയുടെ സഹായത്തോടെ കെട്ടിവലിച്ചു കരയിൽ കയറ്റിയ കണ്ടെയ്നർ വിഴിഞ്ഞം തുറമുഖ യാർഡിലേക്ക് മാറ്റി. ഇക്കഴിഞ്ഞ നവംബറിലും തീരത്തോടു ചേർന്ന കടലിൻറെ അടിത്തട്ടിൽ കണ്ടെയ്നർ അടിഞ്ഞതായി സ്കൂബാ സംഘം കണ്ടെത്തിയിരുന്നു.

കഴിഞ്ഞ ഏഴുമാസമായി കടലിൻറെ ആഴങ്ങളിൽ കിടക്കുന്ന കപ്പൽ മത്സ്യത്തൊഴിലാളികൾക്കും സഞ്ചാരികൾക്കും എന്നും ഭീഷണിയാവുകയാണ്. 2025 മേയ് 24 നാണു വിഴിഞ്ഞത്തുനിന്നു കൊച്ചിയിലേക്ക് 750 ഓളം കണ്ടെയ്നറുകളുമായി പോയ എൽസ–3 അപകടത്തിൽപ്പെട്ടത്. ആലപ്പുഴ തോട്ടപ്പള്ളിക്കു സമീപം തീരത്തുനിന്ന് ഏകദേശം 13 നോട്ടിക്കൽ ഉൾക്കടലിൽ അപകടത്തിലായ എൽസ മേയ് 25 നു കടലിൻറെ ആഴത്തിലേക്കു താഴ്ന്നുപോവുകയായിരുന്നു.

മാരകമായ രാസവസ്തുക്കൾ നിറച്ച കണ്ടെയ്നറുകൾ ഇക്കൂട്ടത്തിലുണ്ടായിരുന്നത് ഏറെ ആശങ്കക്കിടവരുത്തിയിരുന്നു. തകർന്ന കുറേ കണ്ടെയ്നറുകൾ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളുടെ വിവിധ തീരങ്ങൾ മുതൽ കന്യാകുമാരിയിലെ കുളച്ചൽ വരെ അടിഞ്ഞുകയറി. കടൽ പ്ലാസ്റ്റിക് തരികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞു. ഒരു സ്വകാര്യ ഏജൻസിയെ നിയോഗിച്ചു തീരം ശുചിയാക്കൽ ഇപ്പോഴും തുടരുന്നു ണ്ട്.

ഇതിനിടെയാണു മത്സ്യത്തൊഴിലാളികളെ പേടിപ്പെടുത്തിയുള്ള കണ്ടെയ്നർ ഭാഗങ്ങളുടെ വരവു തുടരുന്നത്.

# രാജേന്ദ്രൻ കാണിച്ചത് പിറപ്പുകേട്; പുകഞ്ഞ കൊള്ളി പുറത്ത്: എം. എം. മണി

തിരുവനന്തപുരം: ദേവികുളത്തെ സിപിഎം മുൻ എംഎൽഎ എസ്. രാജേന്ദ്രൻറെ ബിജെപി പ്രവേശനത്തിൽ പ്രതികരണവുമായി എം. എം. മണി എംഎൽഎ. രാജേന്ദ്രൻ ബിജെപിയിലേയ്ക്ക് പോയതിൽ സിപിഎമ്മിന് ഒരു ചുക്കും സംഭവിക്കില്ലെന്നും പുകഞ്ഞകൊള്ളി പുറത്താണെന്നും മണി പറഞ്ഞു.

രാജേന്ദ്രൻ കാണിച്ചത് പിറപ്പുകേടാണ്, സിപിഎം രാജേന്ദ്രനെ നേരത്തെ തന്നെ തള്ളിക്കളഞ്ഞതാണ്. വർഷങ്ങളായി രാജേന്ദ്രൻ പാർട്ടിയിലില്ല. ഒരു പാർട്ടി അനുഭാവിയെ പോലും കൊണ്ടുപോകാൻ രാജേന്ദ്രന് കഴിയില്ല.

എം. എം. മണി പോയാൽ പോലും പാർട്ടിക്ക് ഒന്നും സംഭവിക്കില്ല. അത്രയും വലിയ ബഹുജന അടിത്തറ സിപിഎമ്മിനുണ്ടെന്നും മണി പറഞ്ഞു.

എസ്. രാജേന്ദ്രൻ ഇന്ന് രാവിലെ തിരുവനന്തപുരത്തെ ബിജെപി ആസ്ഥാനത്തെത്തിയാണ് ബിജിപിയിൽ ചേർന്നത്. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽ നിന്നാണ് അംഗത്വം സ്വീകരിച്ചത്. നീലംപേരൂരിൽ നിന്നുള്ള സിപിഎം പ്രവർത്തകൻ സന്തോഷും ബിജെപി യിൽ ചേർന്നു. താൻ പ്രമുഖൻ അല്ലെന്നും സിപിഎമ്മിനെ ഒരു കാലത്തും ചതിച്ചിട്ടില്ലെന്നും എസ്. രാജേന്ദ്രൻ പ്രതികരിച്ചു. പലതും സഹിച്ചിട്ടുണ്ട്. പലപ്പോഴും ഉപദ്രവിക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തോട്ടം മേഖലയിൽ സർക്കാരിൻറെ സഹായം ആവശ്യമുണ്ടെന്നും അതിനാൽ ബിജെപിയിൽ ചേരുന്നുവെന്നും രാജേന്ദ്രൻ കൂട്ടിച്ചേർത്തു.

# സുരേഷ് ഗോപി വന്നത് രാഷ്ട്രീയ ലക്ഷ്യവുമായി; രൂക്ഷ വിമർശനവുമായി ജി. സുകുമാരൻ നായർ

തിരുവനന്തപുരം: എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ നടത്തിയ വാർത്ത സമ്മേളനത്തിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപിക്കെതിരെ രൂക്ഷ വിമർശനം. സുരേഷ് ഗോപി ജനിച്ചതിന് ശേഷം എൻഎസ്എസ് ആസ്ഥാനത്ത് കാലുകുത്തിയിട്ടില്ലെന്ന് സുകുമാരൻ നായർ പറഞ്ഞു.

ഒരിക്കൽ വന്നത് രാഷ്ട്രീയ ലക്ഷ്യവുമായാണ്. വി. എസ്. അച്യുതാനന്ദൻ കെ. കെ. രമയെ കാണാൻ പോയതു പോലെയാണ് സുരേഷ് ഗോപി ഇവിടെ വന്നത്. ബജറ്റ് ദിവസമായിരുന്നു സുരേഷ് ഗോപിയുടെ വരവെന്നും അദ്ദേഹം വ്യക്തമാക്കി.

എൻഎസ്എസ് പരമാധികാര സഭയിൽ വന്നത് ആരോടും ചോദിക്കാതെയാണ്. അയാൾ തൃശൂർ പിടിച്ച പോലെ എൻഎസ്എസ് പിടിക്കാൻ വരേണ്ടെന്നും എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ കൂട്ടിച്ചേർത്തു.

# വന്യമൃഗവേട്ട; തോക്കുമായി മൂവർ സംഘം പിടിയിൽ

പുൽപ്പള്ളി: തോക്കുമായി മൃഗവേട്ടയ്ക്കെത്തിയ മൂന്നു പേരെ വനംവകുപ്പ് അധികൃതർ അറസ്റ്റ് ചെയ്തു. കട്ടിപ്പാറ സ്വദേശികളായ ഫവാസ് (32), മുഹമ്മദ് സാലിഹ് (39), ജുനൈദ് (34) എന്നിവരാണ് സൗത്ത് വയനാട് ഡിവിഷനിലെ മടൂർ വനത്തിൽ നിന്ന് പിടിയിലായത്.

പ്രതികൾ സഞ്ചരിച്ച കാറും വെടിക്കോപ്പുകളും കസ്റ്റഡിയിലെടുത്തു. അറസ്റ്റിലായവർ വന്യമൃഗങ്ങളെ വേട്ടയാടി മാംസം വിൽക്കുന്നവരാണെന്ന് ഫോറസ്റ്റ് റേഞ്ച് ഓഫീസർ പറഞ്ഞു. പ്രതികളെ വിശദമായി ചോദ്യം ചെയ്തുവരുകയാണ്.

# വാക്ക് ഇൻ ഇന്റർവ്യൂ

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ ജനുവരി 22ന് നടക്കും. കൂടുതൽ വിവരങ്ങൾക്ക് www.kscste.kerala.gov.in സന്ദർശിക്കുക.

